بسم الله الرحمن الرحيم ۝ نحمده ونصلى علىٰ رسوله الكريم ۝ وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്വ്ബ 2011 മെയ് 27**

**ഹദ്റത് ഖലീഫതുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

**വിവർത്തനം എം. നാസിർ അഹ്മദ് കൊടിയത്തൂർ**



ഖലീഫതുൽ മസീഹ് അൽ ഖാമിസ്



ബൈതുൽ ഫുതൂഹ്, ലണ്ടൻ

# ഭൗതികവും ആത്മീയവുമായ അനുഗ്രഹത്തിന് ഖിലാഫത്ത് അനിവാര്യം

وَأَقْسَمُوا بِاللَّهِ جَهْدَ أَيْمَانِهِمْ لَئِنْ أَمَرْتَهُمْ لَيَخْرُجُنَّ ۖ قُل لَّا تُقْسِمُوا ۖ طَاعَةٌ مَّعْرُوفَةٌ ۚ
إِنَّ اللَّهَ خَبِيرٌ بِمَا تَعْمَلُونَ ﴿٥٤﴾ قُلْ أَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ ۖ فَإِن تَوَلَّوْا فَإِنَّمَا عَلَيْهِ مَا
حُمِّلَ وَعَلَيْكُم مَّا حُمِّلْتُمْ ۖ وَإِن تُطِيعُوهُ تَهْتَدُوا ۚ وَمَا عَلَى الرَّسُولِ إِلَّا الْبَلَاغُ الْمُبِينُ ﴿٥٥﴾
وَعَدَ اللَّهُ الَّذِينَ آمَنُوا مِنكُمْ وَعَمِلُوا الصَّالِحَاتِ لَيَسْتَخْلِفَنَّهُمْ فِي الْأَرْضِ كَمَا اسْتَخْلَفَ الَّذِينَ
مِن قَبْلِهِمْ وَلَيُمَكِّنَنَّ لَهُمْ دِينَهُمُ الَّذِي ارْتَضَىٰ لَهُمْ وَلَيُبَدِّلَنَّهُم مِّن بَعْدِ خَوْفِهِمْ أَمْنًا ۚ
يَعْبُدُونَنِي لَا يُشْرِكُونَ بِي شَيْئًا ۚ وَمَن كَفَرَ بَعْدَ ذَٰلِكَ فَأُولَٰئِكَ هُمُ الْفَاسِقُونَ ﴿٥٦﴾ وَأَقِيمُوا الصَّلَاةَ
وَآتُوا الزَّكَاةَ وَأَطِيعُوا الرَّسُولَ لَعَلَّكُمْ تُرْحَمُونَ ﴿٥٧﴾ (24:54 57)

ഈ ആയത്തുകളുടെ അർത്ഥം ഇപ്രകാരമാണ്.

നീ അവരോട് ആജ്ഞാപിക്കുന്നതായാൽ തീർച്ചയായും ഞങ്ങൾ അക്കാര്യം നടപ്പിലാക്കുന്നതിനായി പുറപ്പെടുന്നതാണ് എന്ന് അല്ലാഹുവിനെ മുൻനിർത്തി അവർ ദൃഢപ്രതിജ്ഞ ചെയ്യുന്നു. പറയുക, നിങ്ങൾ സത്യം ചെയ്യേണ്ട. സാധാരണ നിലയിൽ അറിയപ്പെട്ട അനുസരണമാണ് (ഞാൻ ആവശ്യപ്പെടുന്നത്). തീർച്ചയായും നിങ്ങൾ പ്രവൃത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു സൂക്ഷ്മജ്ഞനാകുന്നു. പറയുക; അല്ലാഹുവിനെയും ദൂതനെയും അനുസരിക്കുക. ഇനി നിങ്ങൾ പിൻതിരിഞ്ഞു പോകുന്നതായാൽ അദ്ദേഹത്തെ ചുമതലപ്പെറുത്തിയത് മാത്രമേ അദ്ദേഹത്തിന് ബാധകമാകുകയുള്ളൂ. നിങ്ങളെ ചുമതലപ്പെടുത്തിയത് നിങ്ങൾക്കും ബാധകമാണ്. നിങ്ങൾ അദ്ദേഹത്തെ അനുസരിക്കുന്നതായാൽ നിങ്ങൾ നേർമാർഗ്ഗം പ്രാപിക്കും. വ്യക്തമായ നിലയിൽ സന്ദേശം എത്തിക്കുകയല്ലാതെ ദൈവദൂതന് വേറൊരു ബാധ്യതയുമില്ല.

നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ടിക്കുകയും ചെയ്യുന്നവരോട് അല്ലാഹു ഇപ്രകാരം വാഗ്ദാനം ചെയ്യുന്നു. അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരെയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനു ശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണ്. അവർ എന്നെ മാത്ര ആരാധിക്കുന്നതാണ്. എന്നോട് മറ്റൊന്നിനെയും പങ്കു ചേർക്കുകയില്ല. അതിനു ശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ. നിങ്ങൾ നമസ്കാരം നിലനിറുത്തുകയും സക്കാത്ത് കൊടുക്കുകയും ദൈവദൂതനെ അനുസരിക്കുകയും ചെയ്യുക. നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിനു വേണ്ടി.

ഞാൻ ഓതിക്കേൾപ്പിച്ച ആയത്തുകളുടെ തർജ്ജമ നിങ്ങൾ കേട്ടു കഴിഞ്ഞു. അതിലെ ഒരു ആയത്തിനെ **ഇസ്തിഖ്ലാഫി**ന്റെ ആയത്ത് എന്നാണ് പറയാറുള്ളത്. വിശ്വാസികളോട് ഖിലാഫത്തിനെക്കുറിച്ച് പ്രസ്തുത വചനത്തിൽ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് عَلَيْهِ السَّلَام തന്റെ വിവിധ ഗ്രന്ഥങ്ങളിൽ ഈ ആയത്തിനെ വിശദീകരിച്ചുകൊണ്ട് അതിന്റെ വിവിധ വശങ്ങളെ കുറിച്ച് പ്രകാശം വീശിയിട്ടുണ്ട്. എന്നാൽ അൽവസിയ്യത്ത് എന്ന തന്റെ ചെറുകൃതിയിൽ ഇതുമായി ബന്ധപ്പെട്ടുകൊണ്ട് തനിക്ക് ശേഷം അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്ത് സംവിധാനം നിലവിൽ വരും എന്ന സുവാർത്ത നൽകുന്നു. 1905ലാണ് ഈ ഗ്രന്ഥം രചിച്ചത്. തഖ്വ, തൗഹീദ്, അദ്ദേഹത്തിന്റെ സ്ഥാനമാനം, ഖിലാഫത്ത്, ദൈവസാമീപ്യം കരസ്ഥമാക്കുന്നതിനും ജമാഅത്തിനെ സുദൃഢമായ അടിത്തറയിൽ പടുത്തുയർത്തുന്നതിനുവേണ്ടിയുള്ള സാമ്പത്തിക പദ്ധതികളും മുന്നോട്ട് കൊണ്ടുപോകുന്നതിനു വേണ്ടിയുള്ള പല നിർദ്ദേശങ്ങളും ഇതിൽ സമർപ്പിച്ചിട്ടുണ്ട്. ഇവയെല്ലാം തന്നെ സൃഷ്ടികളോടുള്ള കടപ്പാടും സൃഷ്ടാവിനോടുള്ള കടപ്പാടും നടപ്പിൽ വരുത്തുവാനുള്ള ഒരു സംവിധാനമാണ്. ഇതിനെതിരിലുള്ള മറ്റെല്ലാ പദ്ധതികളും അർത്ഥശൂന്യമാണ്. കാരണം

അവയെല്ലാം തഖ്‌വയില്ലാത്തതും ചില വ്യക്തികളെയും ബാഹ്യമായ ചില കാര്യങ്ങളെയും മാത്രം അവലംബമാക്കിയിട്ടുള്ളതാണ്. ഏതായിരുന്നാലും അതിന്റെ വിശദീകരണങ്ങളും വിവരങ്ങളും വളരെയുണ്ട്. അൽ വസിയ്യത്ത് എന്ന തന്റെ ഗ്രന്ഥത്തിൽ വാഗ്ദത്ത മസീഹ് عليه السلام വിവരിച്ച ചില ഉദ്ധരണികൾ നിങ്ങളുടെ മുമ്പിൽ വെക്കാനാണ് ആഗ്രഹിക്കുന്നത്.

വസിയ്യത്ത് സംവിധാനം 1905ൽ ഈ ഗ്രന്ഥം രചിച്ചതുമുതലാണ് തുടങ്ങിയത്. എന്നാൽ **ഇസ്തിഖ്ലാഫി**ന്റെ ആയത്തുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഈ ഗ്രന്ഥത്തിൽ വിവരിച്ച കാര്യങ്ങൾ അഥവാ അഹ്മദിയ്യാ ഖിലാഫത്തിനെ കുറിച്ചുള്ളത് ഈ ഗ്രന്ഥം എഴുതി നൂറ് വർഷം കഴിഞ്ഞപ്പോൾ, ഇന്നേക്ക് 103 വർഷം മുമ്പ് ആ മഹാത്മാവിന്റെ വിയോഗത്തിന് ശേഷം 1908 മെയ് 27ന് ആരംഭിക്കുകയുണ്ടായി. 1400 വർഷമായി നഷ്ടപ്പെട്ട ഈ ഖിലാഫത്ത് സംവിധാനം അല്ലാഹു വീണ്ടും നൽകുകയുണ്ടായി. ആ മഹാത്മാവിന്റെ വരികൾ നിങ്ങളെ കേൾപ്പിക്കുന്നതിനുമുമ്പേ ഈ ആയത്തുകളുടെ ചുരുങ്ങിയ വിവരണം നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതുമുലേഖന ഖിലാഫത്തിന്റെ സംവിധാനവുമായി ബന്ധപ്പെട്ട വിശുദ്ധ ഖുർആന്റെ കൽപനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുന്നതാണ്.

ഈ ആയത്തുകളിൽ അല്ലാഹുവിനെയും അവന്റെ റസൂലിനെയും അംഗീകരിക്കുന്നവർക്കും ഖലീഫമാരെ ബൈഅത്ത് ചെയ്യുന്നവർക്കും ഒരു പരിപൂർണ്ണ ജീവിത പദ്ധതി വിവരിച്ചിരിക്കുന്നു. ഇതിൽ പറഞ്ഞ അടിസ്ഥാനപരമായ കാര്യം അനുസരണം എന്താണെന്നും ഏതു രീതിയിൽ അനുസരണം പുലർത്തണം എന്നുമാണ്. അനുസരണം എന്ന് പറഞ്ഞാൽ ശത്രുവിനെ നേരിടേണ്ടിവരുമ്പോൾ ഞങ്ങൾ എന്തിനും തയ്യാറാണെന്ന് സത്യം ചെയ്തിരിക്കലല്ല. വെറും സത്യം ചെയ്യുന്നതുകൊണ്ട് കാര്യമായില്ല. എല്ലാതലത്തിലും പൂർണ്ണമായ അനുസരണം പ്രകടമാക്കിക്കാണിച്ചാൽ മാത്രമേ ഞങ്ങൾ എന്തിനും തയ്യാറാണെന്ന വാദം ശരിയായിത്തീരുകയുള്ളൂ. അല്ലാഹുവും അവന്റെ റസൂലും നൽകിയ കൽപനകളെ പ്രാവർത്തികമാക്കുന്നില്ലെങ്കിൽ അനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കുന്നില്ലെങ്കിൽ ചിലപ്പോൾ വീരവാദങ്ങൾ പൊള്ളയാണെന്ന് വ്യക്തമാകുന്നതാണ്. അതുകൊണ്ട് അടിസ്ഥാനകാര്യം പരിപൂർണ്ണമായ അനുസരണം പ്രകടിപ്പിക്കുക എന്നതാണ്. പ്രവർത്തനത്തിലൂടെ ചെറിയ ചെറിയ കാര്യങ്ങളിൽപോലും അനുസരണം ദൃശ്യമാകുന്നില്ലെങ്കിൽ വാദകോലാഹലങ്ങൾ വ്യർത്ഥമാണ്.

إِنَّ اللّٰهَ خَبِيْرٌ بِمَا تَعْمَلُوْنَ എന്ന് പറഞ്ഞുകൊണ്ട് ഇവിടെ വ്യക്തമാക്കുന്നത്, മനുഷ്യനെ വഞ്ചിക്കാൻ നിങ്ങൾക്ക് കഴിഞ്ഞേക്കാം. എന്നാൽ എല്ലാം അറിയുന്ന, പ്രത്യക്ഷവും പരോക്ഷവുമായ പ്രവർത്തനങ്ങളെല്ലാം മുമ്പിലുള്ള അല്ലാഹുവിനെ ഒരിക്കലും വഞ്ചിക്കാൻ സാധ്യമല്ല എന്നാണ്. അതുകൊണ്ട് അല്ലാഹു എപ്പോഴും നമ്മെ കാണുന്നുണ്ടെന്ന ചിന്ത ഉണ്ടായിരിക്കണം. ഒരു യഥാർത്ഥ വിശ്വാസിയുടെ കൺമുമ്പിൽ എപ്പോഴും ഈ ചിന്ത ഉണ്ടായിരിക്കേണ്ടതാണ്. അല്ലാഹു നമ്മേ കാണുന്നുണ്ടെന്ന ദൃഢജ്ഞാനത്തിൽ നിലയുറപ്പിക്കുന്ന വ്യക്തി സത്യം ചെയ്യുന്നതോടൊപ്പം അനുയോജ്യമായ നിലയിലുള്ള അനുസരണം പ്രകടിപ്പിക്കുന്നതാണ്. എല്ലാ നല്ല തീരുമാനങ്ങളും പൂർണ്ണമായും അനുസരിക്കുന്നതാണ്. അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കാൻ വേണ്ടി മനുഷ്യൻ തിടുക്കം കാട്ടുന്നതായിരിക്കും. അതിന്നായി പരിശ്രമിക്കുന്നതുമായിരിക്കും.

أَطِيْعُوا اللّٰهَ وَأَطِيْعُوا الرَّسُوْلَ وَأُولِي الْأَمْرِ مِنْكُمْ എന്നതിനൊപ്പം എന്നും വന്നിട്ടുണ്ട്. അതിനാൽ അമീറിനെയും നിസാമെ ജമാഅത്തിനെയും കാലത്തിന്റെ ഖലീഫയെയും അനുസരിക്കേണ്ടത് നിർബന്ധമായിത്തീരുന്നു. പൂർണ്ണമായ അനുസരണം പ്രകടമാക്കാതെ സ്വന്തം ഇഷ്ടം നടപ്പിൽ വരുത്തുന്നവരെകുറിച്ച് അല്ലാഹു പറയുന്നത്, ഈ അനുസരണവൃത്തത്തിൽ നിന്ന് നിങ്ങൾ പുറത്തേക്ക് പോകുന്നതുകൊണ്ടുള്ള പാപഭാരം നിങ്ങൾ തന്നെ വഹിക്കേണ്ടതായിവരും എന്നാണ്. ഇതിനെകുറിച്ച് നിങ്ങൾ ചോദിക്കപ്പെടുന്നതാണ്. ഇതിന് പ്രവാചകൻ ചോദിക്കപ്പെടുന്നതല്ല. അല്ലാഹുവിന്റെ റസൂലിൽ ഈ ഉത്തരവാദിത്വം ഉണ്ടായിരിക്കില്ല. ശരീഅത്തിന്റെ കൽപനകൾ അല്ലാഹുവിന്റെ റസൂൽ നിങ്ങൾക്കെത്തിച്ചു തന്നിരിക്കുന്നു. റസൂലിനെ പിന്തുടർന്നുകൊണ്ട് കാലത്തിന്റെ ഖലീഫമാർ അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനകൾ എത്തിച്ചുതരികയുണ്ടായി. ശരീഅത്തിന്റെ കൽപനകൾ എത്തിച്ചു തരികയുണ്ടായി. ശരീഅത്തിന്റെ കൽപനകൾ എത്തിക്കേണ്ടവർ അത് എത്തിച്ചിരിക്കുന്നു. എന്നാൽ അതനുസരിച്ച് പ്രവർത്തിക്കാത്തവർ മറുപടി പറയേണ്ടിവരുന്നതാണ്.

ഇവിടെ ഞാൻ റസൂലിനോടൊപ്പം ഖലീഫയെയും കൂട്ടിപ്പറഞ്ഞിട്ടുണ്ട്. അതിന് കാരണം, വിശുദ്ധ ഖുർആനിൽ وَأُولِي الْأَمْرِ مِنْكُمْ എന്ന് ഒരു സ്ഥലത്ത് പറയുന്നുണ്ട്. മറ്റൊന്ന് ഖലീഫമാർ റസൂലിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിനായാണ് വരുന്നത്. ഖിലാഫത്ത് യഥാർത്ഥത്തിൽ നുബുവ്വത്തിന്റെ തുടർച്ചയാണ്.

തിരുനബി ﷺ ഒരിക്കൽ ഉപദേശിച്ചുകൊണ്ട് പറഞ്ഞു. "എന്റെ സുന്നത്തനുസരിച്ചും ഖുലഫായെ റാശിദീന്റെ സുന്നത്തനുസരിച്ചും നിങ്ങൾ മുന്നോട്ട് പോകുക." ഇതു പറയാനുള്ള കാരണം നബി ﷺ യുടെ മാതൃകയും നിർദ്ദേശങ്ങളുമനുസരിച്ച് മുന്നോട്ട് പോകുന്നവരാണ് ഖുലഫായെ റാശിദീൻ എന്നതുകൊണ്ടാണ്. ആ ഹദീസിന്റെ പൂർണ്ണരൂപം ഇപ്രകാരമാണ്, ഹദ്റത്ത് അബ്ദുർറഹ്മാൻബ്നു അംർ വിവരിക്കുന്നു. അദ്ദേഹം ഇഖ്ബാൽബ്നു സാരിയ رضي الله عنه ഇപ്രകാരം പറയുന്നതായി കേട്ടു. ഒരിക്കൽ തിരുനബി ﷺ ഹൃദയത്തെ പിടിച്ചു കുലുക്കുന്ന തരത്തിലുള്ള പ്രഭാഷണം നടത്തുകയുണ്ടായി. അതുകേട്ട് കണ്ണുകൾ ഈറനണിഞ്ഞു. ഹൃദയം ഭയചകിതമായി. ഞങ്ങൾ ചോദിച്ചു; അല്ലാഹുവിന്റെ റസൂലേ! വിട പറയുമ്പോൾ ചെയ്യുന്ന ഒരു വസിയ്യത്ത് പോലെയാണല്ലോ ഇത്. ഞങ്ങൾ എപ്പോഴും **സിറാത്തെ മുസ്തഖീമിൽ** അടിയുറച്ചുനിൽക്കുന്ന തരത്തിലുള്ള വല്ല ഉപദേശവും ഞങ്ങൾക്ക് തന്നാലും. തിരുനബി ﷺ പറഞ്ഞു: "ഞാൻ നിങ്ങളെ പ്രകാശ ദീപ്തമായ തെളിച്ചമാർന്ന ഒരു വഴിയിലാണ് വിട്ടേച്ച്പോകുന്നത്. അതിന്റെ രാത്രിയും അതിന്റെ പകലിനെപ്പോലെയാണ്. ദുർഭഗനല്ലാതെ ആർക്കുംതന്നെ ഇതിൽ നിന്ന് മാർഗ്ഗഭ്രംശം സംഭവിക്കില്ല. നിങ്ങളിൽ ജീവിച്ചിരിക്കുന്നവർ പല ഭിന്നതകളും കാണുന്നതാണ്. ഇങ്ങനെയുള്ള അവസരത്തിൽ എന്റെ യഥാർത്ഥ ചര്യ പിൻപറ്റുക, ഖുലഫാഉർറാശിദീനൽ മാഹ്ദിയ്യീന്റെ ചര്യയെയും പിൻപറ്റുക. അനുസരണം നിങ്ങളുടെ അടയാളമാക്കി മാറ്റുക, ഒരു ഹബ്ശീ അടിമ നിങ്ങളുടെ അമീറായി നിയമിക്കപ്പെട്ടാലും ശരി. ഈ ദീനിനെ നിങ്ങൾ മുറുകെ പിടിക്കുക. ഒരു വിശ്വാസിയുടെ ഉദാഹരണം കയറുകൊണ്ട് ബന്ധിച്ച ഒട്ടകത്തെപ്പോലെയാണ്. ഏതുവഴിയിലൂടെ അതിനെ കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നുവോ, അതിനെ കൊണ്ടു പോകാവുന്നതാണ്. അനുസരണശീലമുള്ളതായിരിക്കും." അല്ലാഹു പറയുന്നു: അനുസരണം അനിവാര്യമാണ്.

وَإِنْ تُطِيْعُوْهُ تَهْتَدُوْا നിങ്ങൾ അനുസരിക്കുകയാണെങ്കിൽ ഹിദായത്ത് ലഭിക്കുന്നതാണ്. ഹിദായത്ത് ലഭിച്ചുകൊണ്ടേ ഇരിക്കും.

ഈ ആയത്തുകൾക്ക് ശേഷം ഖിലാഫത്തുമായി ബന്ധപ്പെട്ട കൽപനകളാണ് നൽകുന്നത്. **ഇസ്തിഖ്ലാഫ്** എന്ന ആയത്തിലാണ് അത് പ്രതിപാദിച്ചിട്ടുള്ളത്. അല്ലാഹു പറയുന്നു:

وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا الصّٰلِحٰتِ വിശ്വസിക്കുകയും സത്പ്രവൃത്തികൾ ചെയുകയും ചെയ്യുന്നവരോട് അല്ലാഹുവിന്റെ വാഗ്ദാനമാണിത്. മുമ്പുള്ള ആയത്തിൽ വിശ്വാസത്തിന്റെയും സദ്പ്രവൃത്തിയുടെയും നിലവാരം എന്തായിരിക്കണമെന്ന് വിവരിച്ചിട്ടുണ്ട്. സമ്പൂർണ്ണ അനുസരണത്തിന്റെ നുകം നമ്മുടെ കഴുത്തിൽ വെക്കണം. അപ്പോൾ മാത്രമായിരിക്കും യഥാർത്ഥ വിശ്വാസി എന്ന് പറയപ്പെടുകയുള്ളൂ, സദ്പ്രവൃത്തികളിൽ മുന്നേറാൻ കഴിയുകയുള്ളൂ. ഈ നിലവാരം കരസ്ഥമാക്കിയാൽ ഖിലാഫത്തിന്റെ അനുഗ്രഹങ്ങളിൽ നിന്നും ഫലം ലഭിക്കുന്നതായിരിക്കും, അല്ലാതെ ലഭിക്കില്ല. മുസ്‌ലിംകളിൽ എന്തു തന്നെയായാലും ഖിലാഫത്ത് നിലനിൽക്കും എന്ന് അല്ലാഹു പറഞ്ഞിട്ടില്ല. ഖിലാഫത്ത് നിലനിൽപ്പ് ചില നിബന്ധനകളോടു കൂടി വാഗ്ദാനം ചെയ്തിരിക്കയാണ്. അതിൽ ഒന്നാമത്തെ ശർത്ത് സമ്പൂർണ്ണ അനുസരണമാണ്. ഖിലാഫത്തെ റാശിദയുടെ പരമ്പര മുറിഞ്ഞുപോകാനുണ്ടായ കാരണം മുസ്‌ലിംകൾ അനുസരണവൃത്തത്തിൽ നിന്നും പുറത്തുപോയതുകൊണ്ടാണ്. യഥാർത്ഥ ഖിലാഫത്തിൽ നിന്നും മുസ്‌ലിംകൾ അകറ്റപ്പെട്ടത് അനുസരണത്തിൽ നിന്നും അവർ അകന്നപ്പോഴാണ്. അനുസരണവൃത്തത്തിൽ നിന്നും പുറത്ത്പോയിക്കൊണ്ട് ചിലർ പറഞ്ഞത്, ഞങ്ങൾ ബൈഅത്ത് ചെയ്യണമെങ്കിൽ, മുമ്പോട്ട് വെക്കുന്ന ചില നിബന്ധനകൾ പാലിക്കണം എന്നാണ്. അതിൽ ഒരു സുപ്രധാന കാര്യം ഹദ്റത്ത് ഉസ്മാൻ رضي الله عنه ന്റെ വധത്തിന് പ്രതികാരം ചെയ്യുക എന്നതുമായിരുന്നു. ചിലർ ചില കുഴപ്പക്കാരുടെ വാക്കുകൾ കേട്ട് അനുസരണത്തിൽ നിന്നും പുറത്തുപോയി. അന്ന് സഹാബത്ത് ഉണ്ടായിരുന്നു. എന്നാൽ സമ്പൂർണ്ണ അനുസരണത്തിൽ നിന്നും പുറത്ത്പോയപ്പോൾ ഖിലാഫത്തിൽ നിന്നും അകറ്റപ്പെടുകയുണ്ടായി. കാരണം ഖലീഫയെ നിയമിക്കുക എന്ന തീരുമാനം അല്ലാഹു തന്റെ കരങ്ങളിൽ വെച്ചിരിക്കുകയാണ്. ഭിന്നതക്കുശേഷം, അനുസരണത്തിൽ നിന്നും വിട്ടുമാറിയതിനുശേഷം ഖലീഫ ആകുവാനും ആക്കുവാനുമുള്ള എല്ലാ പ്രയത്നവും പരാജയപ്പെടുകയുണ്ടായി. ഖിലാഫത്ത് മുലൂക്കിയത്തിന്റെ അവസ്ഥയിലേക്ക് രൂപാന്തരപ്പെട്ടു. മുമ്പ് ഖിലാഫത്ത് സംവിധാനം നിലനിറുത്തിയതുപോലെ ഇവിടെയും സ്ഥാപിക്കും എന്ന് അല്ലാഹു പറയുന്നു. മുമ്പ് നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്താണ് ഉണ്ടായിരുന്നത്. നബിയെ അല്ലാഹു സ്വയം അയക്കുകയാണ് ചെയ്യുക. ഇവിടെ ശരീഅത്ത് പൂർത്തിയായി. നബി ﷺ ഖിയാമത്ത് വരെയുള്ള ശറഈ നബിയാണ്. അതുകൊണ്ടാണ് ഇവിടെ ഖിലാഫത്തെ റാശിദാ തുടങ്ങിയത്. അതിന്റെ ബാഹ്യ തിരഞ്ഞെടുപ്പ് ജനങ്ങൾ മുഖേനയാണ് നടക്കുന്നത്. എന്നാൽ അത് അല്ലാഹുവിന്റെ തിരഞ്ഞെടുപ്പാണെന്നതിന് അല്ലാഹു അതിന് നൽകുന്ന സഹായവും സഹകരണവും സാക്ഷിയാണ്. അല്ലാഹുവിന്റെ ഇഷ്ടം ഇതിനോടൊപ്പമാണെന്ന് ഇതെല്ലാം തെളിയിക്കുന്നു.

അവസാന വിജയവും സമ്പൂർണ്ണ ശരീഅത്തും ഇസ്ലാം മുഖേനയായിരുന്നു അല്ലാഹു പ്രകടിപ്പിക്കേണ്ടിയിരുന്നത്. അതിനാൽ ഇപ്രകാരം ഒരു പ്രവചനം കൂടി നടത്തി. അതായത് തിരുനബി ﷺ യുടെ ദാസത്വത്തിൽ ഒരു നബി വരുന്നതാണ്. اٰخَرِيْنَ مِنْهُمْ لَمَّا يَلْحَقُوْا بِهِمْ എന്ന ആയത്തിൽ ഇതിന്റെ വിശദീകരണം കാണാവുന്നതാണ്. ഇതിന്റെ വിശദീകരണമായി തിരുനബി ﷺ പറഞ്ഞത് എനിക്കും മസീഹിനും ഇടയിൽ ഒരു പ്രവാചകനുമില്ല എന്നതാണ്. മസീഹ് മൗഊദ് عليه السلام മസീഹും മഹ്ദിയുമാണ്, നബിയുമാണ്, ഖാത്തമുൽ ഖുലഫായുമാണ്. അല്ലാഹു തആല 1400 വർഷങ്ങൾക്ക് ശേഷം വിശ്വാസികളോട് താൻ ചെയ്ത വാഗ്ദാനം പൂർത്തിയാക്കുന്നതിന്നായി ഈ ഖലീഫയെ അയച്ചു. ഇദ്ദേഹം ഉമ്മത്തീ ആയിക്കൊണ്ടുതന്നെ നുബുവ്വത്തിന്റെ സ്ഥാനം കരസ്ഥമാക്കിക്കൊണ്ട് ഖിലാഫത്ത് പരമ്പരക്ക് തുടക്കം കുറിക്കാൻ കാരണമായി. അല്ലാഹു പറയുന്നു. ഇസ്ലാം ദീനിനെ നിങ്ങൾക്കായി അവൻ തൃപ്തിപ്പെട്ടിരിക്കുന്നു. ഇതിന്റെ യഥാർത്ഥ അനുഗ്രഹം കരസ്ഥമാക്കാനും ഭയത്തെ സമാധാനമാക്കി മാറ്റി മറിക്കാനും സമ്പൂർണ്ണ അനുസരണത്തോടുകൂടി ഖിലാഫത്തുമായി ഒട്ടിപ്പിടിച്ചു നിന്നാൽ നിങ്ങൾക്ക് ലഭിക്കുന്നതാണ്. ഇത് അനിവാര്യമാണ്. ആര് ഈ ഖിലാഫത്തുമായി ഒട്ടിപ്പിടിച്ചുനിൽക്കുന്നുവോ അവരുടെ ഭയം സമാധാനമായി പരിവർത്തിക്കപ്പെടുന്നതാണ്. ഖലീഫമാർ മുഖേന ഇസ്‌ലാമിന്റെ വിജയ നാളുകൾ അടുത്തടുത്ത് വരുന്നതാണ്. ഖലീഫയും ഖിലാഫത്തുമായി ബന്ധപ്പെട്ടു നിൽക്കുന്നവർക്കുള്ള ഏറ്റവും വലിയ ഉത്തരവാദിത്ത്വം അവർ അല്ലാഹുവിനെ ആരാധിക്കുക എന്നതാണ്. നമസ്ക്കാരങ്ങളുടെ നിലനിർത്തലും സ്വച്ഛമായ തൗഹീദിനെ നിലനിർത്തലും അവരുടെ ഉത്തരവാദിത്വം തന്നെ. അതിനു വേണ്ടിയുള്ള പരിശ്രമം അവരെ ഖിലാഫത്തിന്റെ അനുഗ്രഹം കരസ്ഥമാക്കുന്നവരായി മാറ്റുന്നതാണ്. അവരുടെ പ്രാർത്ഥനകൾ അല്ലാഹു കേൾക്കുന്നതാണ്. അവരുടെ പ്രയാസങ്ങൾ അല്ലാഹു ദൂരീകരിക്കുന്നതാണ്. തന്റെ അനുഗ്രഹങ്ങളാൽ അവരെ കടാക്ഷിക്കുന്നതാണ്. ഇതെല്ലാം കണ്ടിട്ടും യഥാർത്ഥ ഖിലാഫത്തിനോടൊപ്പം നിൽക്കാത്തവർ ആജ്ഞാ ലംഘകരായിരിക്കും. അവർക്ക് അതിനുള്ള ശിക്ഷ ലഭിക്കുന്നതാണ്. വിശ്വാസികൾക്ക് ലഭിക്കും എന്ന് പറഞ്ഞിരിക്കുന്ന അനുഗ്രഹങ്ങളവർക്ക് ലഭിക്കുന്നതല്ല.

ഞാൻ പൊതുവിൽ പറയാറുള്ള ഒരു കാര്യമുണ്ട്. ഇന്ന് നിങ്ങൾ പൊതു മുസ്‌ലിംകളെ നോക്കുക. അസ്വസ്ഥരാണവരെല്ലാം. അന്യരുടെ സമ്മർദ്ദത്തിന് വഴങ്ങി മുസ്‌ലിംകളെ കൊന്നൊടുക്കാൻ മറ്റുള്ളവരുടെ സഹായം മുസ്‌ലിംകൾ തന്നെ കരസ്ഥമാക്കുന്നു. *യാഥാർത്ഥ്യം മനസ്സിലാക്കാൻ ഉമ്മത്തിന് അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ.*

ഇതുമായി ബന്ധപ്പെട്ട് ഞാൻ ഓതിക്കേൾപ്പിച്ച അവസാന ആയത്തിൽ അല്ലാഹു മൂന്ന് കാര്യങ്ങളിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറയുന്നുത് നമസ്കാരം നിലനിർത്തുക, സകാത്ത് നൽകുക, പരിപൂർണ്ണ അനുസരണം പുലർത്തുക എന്നതാണ്. ഇതു കാരണം അല്ലാഹു കരുണ ചൊരിഞ്ഞുകൊണ്ട് തന്റെ അനുഗ്രഹം തുടർന്നുകൊണ്ട് പോകുന്നതാണ്. അല്ലാഹു തആല ഹദ്റത്ത് മസീഹ് മൗഊദ് عليه السلام മുഖേന തന്റെ അനുഗ്രത്തിന്റെ ഒരു ശൃംഖല തുടങ്ങിവെച്ചിരിക്കുന്നു. ഇതിൽ നിന്നും അനുഗ്രഹം കരസ്ഥമാക്കുവാൻ ഓരോ അഹ്മദിയും അല്ലാഹുവിന്റെ ഈ കൽപനകളെ ഓർക്കേണ്ടതാണ്. സമ്പൂർണ്ണമായ അനുസരണം പുലർത്തുന്നവരോടാണ് അല്ലാഹു ഈ വാഗ്ദാനം ചെയ്തിട്ടുള്ളത്. അവർ അല്ലാഹുവിന്റെ ആരാധനയെ എപ്പോഴും മുമ്പിൽ കാണും. എപ്പോഴും അല്ലാഹുവിനെ ഓർക്കുന്നവരാണ് ആരാധന നിലനിറുത്തുന്നവർ. ആരാധന നിലനിറുത്താനുള്ള ഏറ്റവും ഉചിതമായ മാർഗ്ഗം നമസ്കാരം അനുഷ്ഠിക്കലാണ്. അതുകൊണ്ട് ദൈവിക ജമാഅത്തിന്റെ ഭാഗമായിത്തീരുന്നവർ നമസ്കാരം നിലനിറുത്താൻ കഴിവതും പരിശ്രമിക്കുന്നവരായിരിക്കും. ഇവിടെ വന്ന നമസ്കാരം നിലനിർത്തുക എന്ന കൽപനയെക്കുറിച്ച് ഹ: മുസ്‌ലിഹ് മൗഊദ് رضي الله عنه വിവരിക്കുന്നു, “സ്വലാത്തിന്റെ ഏറ്റവും ഉത്തമമായ ഭാഗം ജുമുഅയാകുന്നു. അതിൽ ഇമാം ഖുത്വ്ബ ഓതുന്നു. പല ഉപദേശങ്ങളും നൽകുന്നു. കാലത്തിന്റെ ഖലീഫ ലോകത്തിന്റെ അവസ്ഥ മനസ്സിലാക്കി ലോകത്തിലെ വിവിധ സമുദായങ്ങളുടെയും ആനുകാലിക സംഭവ വികാസങ്ങളെ മനസ്സിലാക്കി ഉപദേശനിർദ്ദേശങ്ങൾ നൽകുന്നു. ഇതു മുഖേന സമൂഹത്തിൽ ഐക്യവും അഖണ്ഠതയും നിലനിൽക്കുന്നതാണ്. എല്ലാവരും ഒരേ കാഴ്ച്ചപ്പാടുള്ളവരായിത്തീരും.”

ഈ കാഴ്ച ഇന്ന് നമുക്ക് അഹ്മദിയ്യാ ജമാഅത്തിൽ മാത്രമെ കാണാൻ സാധിക്കുകയുള്ളൂ. കാലത്തിന്റെ ഇമാമിന്റെ ഖുത്വ്ബകൾ ലോകത്തിന്റെ കോണായ കോണുകളിൽ ഒരേ സമയം ശ്രവിക്കാൻ കഴിയുന്നു. വിവിധ തരം ആളുകളുടെ പ്രകൃതവും ആവശ്യവുമനുസരിച്ചാണ് കാര്യങ്ങൾ അവതരിപ്പിക്കപ്പെടുന്നത്.

ഞാൻ ഖുത്വ്ബക്ക് തയ്യാറാകുമ്പോൾ എന്റെ മുമ്പിൽ ഇരിക്കുന്ന നിങ്ങളെ മാത്രമല്ല മുമ്പിൽ കാണുക. മറിച്ച് ലോകത്തിന്റെ വിവിധ നാടുകളിൽ നിന്ന് എനിക്ക് വരുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അവരെയെല്ലാം പരിഗണിച്ചുകൊണ്ടാണ് ഞാൻ ഖുത്വ്ബ നൽകുന്നത്. ചിലപ്പോൾ യൂറോപ്പിനെ മുന്നിൽ കണ്ട് കൊണ്ട് ഖുത്വ്ബ നൽകുന്നു. ചിലപ്പോൾ ഏഷ്യയിലെ ഏതെങ്കിലും നാടിന്റെ അവസ്ഥക്കനുസരിച്ചായിരിക്കാം. അതുമല്ലെങ്കിൽ അവിടത്തെ പൊതു കാര്യങ്ങളെക്കുറിച്ചായിരിക്കാം. ചിലപ്പോൾ ആഫ്രിക്കയെ കുറിച്ചായിരിക്കാം **ജസാഇറി**നെക്കുറിച്ചാകാം. ഇസ്‌ലാം ഒരു ആഗോള മതമായതുകൊണ്ട് വിവരിക്കപ്പെടുന്ന ഓരോ കാര്യവും തന്നെ ഓരോ നാട്ടിലും വിഭാഗത്തിലുമുള്ള അഹ്മദികൾക്ക് ഉപദേശം എന്ന നിലയിലായിരിക്കും. ഓരോരുത്തരുടെയും ചില കാര്യങ്ങൾ അതിൽ ഉൾക്കൊള്ളുന്നുണ്ടാകും. ഖുത്വ്ബ നൽകിക്കഴിഞ്ഞാൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് എനിക്ക് കത്തുകൾ വരാറുണ്ട്. റഷ്യയിലെ പ്രാദേശിക വാസികളുടെയും ആഫ്രിക്കൻ നാടുകളിലെ പ്രാദേശവാസികളുടെയും മറ്റു നാട്ടുകാരുടെയും കത്തുകൾ വരാറുണ്ട്. ഇന്ന ഖുത്വ്ബ ഞങ്ങളെ കുറിച്ചാണെന്ന് മനസ്സിലാകുന്നു എന്നവർ കത്തിൽ സൂചിപ്പിക്കുന്നു. ഏതായിരുന്നാലും **ഇഖാമത്തുസ്വലാത്ത്** എന്നതിന് ഇങ്ങനെയും ഒരർത്ഥമുണ്ട്. ഇത് ഖിലാഫത്ത് മുഖേന അഹ്മദിയ്യാ ലോകത്ത് ഇന്ന് നടന്നുകൊണ്ടിരിക്കുന്നു.

സകാത്ത് നൽകാൻ ഈ വചനത്തിൽ പറയുന്നുണ്ട്. ഇത് നമ്മുടെ ധനം ശുദ്ധമാക്കാനുള്ള ഒരു മാർഗ്ഗമാണ്. സകാത്തും മറ്റു ധനത്യാഗങ്ങളും ഇതിൽ ഉൾപ്പെടുന്നു. ലോകത്ത് അഹ്മദിയ്യാ ജമാഅത്ത് മുഖേനയാണ് ഈ സംവിധാനം നടന്ന് പോകുന്നത്. കാലത്തിന്റെ ഖലീഫയുടെ നിർദ്ദേശമനുസരിച്ച് ലോകത്ത് ചന്ദ സംവിധാനം മുഖേന ജമാഅത്തംഗങ്ങളുടെയും ജമാഅത്തുകളുടെയും ആവശ്യം നിറവേറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. ഒരു നാട്ടിൽ കുറവുണ്ടെങ്കിൽ മറ്റു നാടുകളിൽ നിന്ന് അവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കിക്കൊടുക്കുന്നു. സാമ്പത്തിക ശേഷിയുള്ള നാടുകളിൽ നിന്ന് ദരിദ്ര നാടുകളുടെ ആവശ്യമായ മസ്ജിദ്, സാഹിത്യങ്ങൾ, മരാമത്ത് പ്രവർത്തനങ്ങൾ എല്ലാം പൂർത്തിയാക്കാൻ കഴിയുന്നു. കാലത്തിന്റെ ഖലീഫയുടെ കീഴിൽ നടന്നുവരുന്ന ഒരു സംവിധാനമാണിത്. അശരണരുടെ ആവശ്യങ്ങൾ പൂർത്തിയാക്കിക്കൊടുക്കുന്നു. ആരോഗ്യ തലത്തിലുള്ള ആവശ്യങ്ങളും വിദ്യാഭ്യാസ മേഖലയിലെ ആവശ്യങ്ങളും പൂർത്തീകരിക്കപ്പെടുന്നു. ഇസ്‌ലാമിന്റെ തബ്ലീഗിനാവശ്യമായ കാര്യങ്ങൾ സാധ്യമാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام വസിയ്യത്ത് സംവിധാനവും ഖിലാഫത്ത് സംവിധാനവും ഒരുമിച്ച് പറഞ്ഞതിലുള്ള കാര്യവും മറ്റൊന്നുമല്ല. സമൂഹത്തിന്റെ ആവശ്യങ്ങൾ ഇത് മുഖേന പൂർത്തിയാക്കാൻ സാധിക്കുന്നതാണ്. ചന്ദ നൽകുന്നവർ ഖിലാഫത്ത് ഉള്ളതുകൊണ്ട് പൂർണ്ണ വിശ്വാസത്തോടുകൂടിയാണ് ചന്ദ നൽകുന്നത്. ഈ പണം അനാവശ്യമായി ഒരിക്കലും ചെലവഴിക്കപ്പെടുന്നതല്ല എന്ന് അവർക്കറിയാം. പാവനമായ ലക്ഷ്യങ്ങൾക്കായി മാത്രമെ ഇവ വിനിയോഗിക്കുകയുള്ളൂ. അഹ്മദികളല്ലാത്തവർ പോലും നമ്മിൽ ഇക്കാര്യത്തിൽ വിശ്വാസമർപ്പിക്കുന്നു. അഹ്മദികൾക്ക് നാം സകാത്ത് നൽകിയാൽ അതവകാശപ്പെട്ടവർക്ക് ലഭിക്കുന്നതാണെന്ന് അവർ ദൃഢമായി വിശ്വസിക്കുന്നു. ഘാനയിൽ പലരും വിളവെടുപ്പിന് ശേഷം എനിക്ക് സകാത്ത് നൽകും. കാരണം അവർ പറയാറുള്ളത്, നിങ്ങൾ മാത്രമാണ് ഇത് ഉചിതമായ സ്ഥലത്ത് ചെലവഴിക്കുക. ആ സംഖ്യകൾ ഞാൻ ഖജനാവിൽ അടക്കും. എന്നെ അറിയാവുന്ന പല ഭൂഉടമകളുമുണ്ടായിരുന്നു. ഇത് ഖജനാവിൽ അടക്കണം എന്ന് പറഞ്ഞ് എന്നെയാണ് പണം ഏൽപ്പിച്ചിരുന്നത്. അവർ പറയാറുള്ളത് ഞങ്ങളുടെ മുല്ലാക്കൾക്ക് ഈ സകാത്ത് കൊടുത്താൽ അവരത് തിന്നുതീർക്കും. അർഹതപ്പെട്ടവർക്ക് അവരത് നൽകില്ല. ഇന്നും പല ജമാഅത്തുകളിൽ നിന്നും കത്തുകൾ വരാറുണ്ട്. ജമാഅത്തിലല്ലാത്തവർ സകാത്തും സദഖയും നമുക്ക് നൽകാൻ ആഗ്രഹിക്കുന്നുണ്ട്. അവരിൽ നിന്ന് ഇത് വസൂൽ ചെയ്യാൻ പാടുണ്ടോ എന്നവർ അതിൽ ചോദിക്കുന്നു. സകാത്തും സദഖയും അന്യരിൽ നിന്നും നമുക്ക് വാങ്ങാവുന്നതാണ്. വാങ്ങാറുമുണ്ട്. **എന്നാൽ മറ്റു നിർബന്ധ ചന്ദകളും ഐച്ഛിക ചന്ദകളും അഹ്മദികളിൽ നിന്ന് മാത്രമേ വാങ്ങാവൂ.**

ചുരുക്കത്തിൽ സക്കാത്തിന്റെ സംവിധാനവും ഖിലാഫത്തുമായാണ് ബന്ധപ്പെട്ടുനിൽക്കുന്നത്. ഈ ആയത്തിൽ അവസാനം വീണ്ടും അനുസരണത്തെ കുറിച്ചാണ് പറയുന്നത്. അല്ലാഹുവിനോടും അവന്റെ റസൂൽനോടും യഥാർത്ഥ ബന്ധം സ്ഥാപിക്കുകയും അതു മുഖേന ഖിലാഫത്തിനോടുള്ള ബന്ധവും സുസ്ഥിരമാക്കുക. ഇതിന്റെയെല്ലാം കേന്ദ്രബിന്ദു സമ്പൂർണ്ണ അനുസരണമാണ്. ഇതുണ്ടെങ്കിൽ ഒരു വിശ്വാസി അനുഗ്രഹങ്ങൾക്ക് ഉടമസ്ഥനായിത്തീരുന്നതാണ്.

അൽവസിയ്യത്ത് എന്ന ഗ്രന്ഥവുമായി ബന്ധപ്പെട്ട ചില കാര്യങ്ങളാണ് ഞാനിനി വിവരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام അല്ലാഹു തആലയുടെ വാഗ്ദാനവും പ്രവചനവും ഇതിൽ വിവരിക്കുന്നു. അദ്ദേഹത്തിന്റെ മരണം അടുത്ത് തന്നെയുണ്ടാകും എന്ന് അദ്ദേഹത്തെ അറിയിച്ചത് ഇതിൽ വിളംബരപ്പെടുത്തുന്നു. അതോടൊപ്പം ഒരു പ്രവചനം ഇതിൽ നൽകുന്നു. അദ്ദേഹത്തിന്റെ അപമാനത്തിന് ഹേതുവാകുന്ന എല്ലാ ആക്ഷേപങ്ങളും ദുരീകരിക്കുന്നതാണ്. അല്ലാഹു പറയുന്നു. "ഞാൻ നിന്നിൽ തൃപ്തനായിരിക്കും. നിന്റെ സത്യതക്കുള്ള വ്യക്തമായ അടയാളങ്ങൾ ഞാനെപ്പോഴും നിലനിർത്തും." ഇതിൽ പറഞ്ഞതുപോലെ ആ മഹാത്മാവിന്റെ നിന്ദ്യത കാണാൻ ആഗ്രഹിച്ചവർ നിന്ദ്യരായി എന്നതും അവരുടെ നാമംപോലും ലോകത്ത് നിന്ന് മായ്ക്കപ്പെട്ടു എന്നതും ലോകം കണ്ടതാണ്. അവരെ ഇന്ന് ഓർക്കാൻ പോലും ആരുമില്ല. അസഭ്യം പുലമ്പിയവരും ആക്ഷേപം ഉന്നയിച്ചവരും എല്ലാം തുടച്ചുമാറ്റപ്പെട്ടു. എന്നാൽ അദ്ദേഹത്തിന്റെ ജമാഅത്ത് ലോകത്ത് വ്യാപിച്ചുകൊണ്ട് മുന്നേറുകയാണ്. ദൃഷ്ടാന്തങ്ങളുടെ ഒരു ശൃംഖല അദ്ദേഹത്തിന്റെ ജീവിതത്തിൽ തുടങ്ങിയത് ഇന്നും തുടർന്നുകൊണ്ട് പോകുന്നു. ഓരോ വർഷവും നടക്കുന്ന ലക്ഷക്കണക്കിന് ബൈഅത്തുകളിൽ അധികവും അല്ലാഹുവിൽ നിന്നും മാർഗ്ഗദർശനങ്ങൾ ലഭിച്ചതിനുശേഷമാണ് നടക്കുന്നത്. ഇതെല്ലാം തന്നെ അല്ലാഹുവിന്റെ സഹായത്തിന്റെ അടയാളങ്ങളാണ്. ഈ ദൈവീക സഹായങ്ങൾ ആ മഹാത്മാവിന്റെ സത്യതക്കുള്ള സാക്ഷ്യങ്ങളാണ്. തുടർന്ന് പറയുന്നു: "ധാരാളം അപകടങ്ങൾ സംഭവിക്കുമെന്നും പല ആപത്തുകളും ഭൂമിയിൽ ഇറങ്ങുമെന്നും അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നു. ഇതിൽ ചിലത് എന്റെ ജീവിതത്തിൽ വെളിപ്പെടും. ചിലത് എന്റെ കാലശേഷവും വെളിപ്പെടുന്നതാണ്. ഈ പ്രസ്ഥാനത്തിന് അവൻ പൂർണ്ണമായ അഭിവൃദ്ധി നൽകും. കുറച്ച് എന്റെ കരങ്ങളാൽ കുറച് എനിക്ക് ശേഷവും."

ഈ പ്രവചനങ്ങൾ പുലരുന്നതായി നാം കാണുന്നു. ആപത്തുകളെ കുറിച്ച് പറയുകയാണെങ്കിൽ അതും ഇപ്പോൾ ശക്തി പ്രാപിച്ചു

കൊണ്ടിരിക്കുകയാണ്. നിത്യവുമുള്ള വാർത്തകളിൽ ഏതെങ്കിലും ഒരു രാജ്യത്ത് പ്രകൃതി വിപത്ത് പ്രത്യക്ഷപ്പെട്ടതായി കാണാം. ഏതെങ്കിലും ആപത്തുകളിൽ ഓരോ നാടും അകപ്പെടുന്നു. മസീഹ് മൗഊദ് عليه السلام ഇവയെല്ലാം പ്രകടമാകും എന്ന് പ്രവചനങ്ങൾ നൽകിയിട്ടുള്ളതാണ്. ഈ കാര്യങ്ങൾ ബുദ്ധിമാൻമാർക്ക് മതിയായതല്ലെ?. ചിന്തിക്കുക. അല്ലാഹുവിൽ നിന്നും അറിവ് കരസ്ഥമാക്കിക്കൊണ്ട് ഒരു വ്യക്തി ഇങ്ങനെയുള്ള ആപത്തുകൾ വരും, ഭൂകമ്പങ്ങൾ വരും എന്ന് നേരത്തെ പ്രവചിക്കുന്നു. ഇന്ന് നാം നാനാതരം ആപത്തുകളും ലോകത്തെ വലയം ചെയ്തിരിക്കുന്നത് കാണുകയും ചെയ്യുന്നു. അല്ലാഹുവിന്റെ ഈ വരിഷ്ട ദാസന്റെ വാക്കുകളെ നാം ശ്രദ്ധാ പൂർവ്വം വീക്ഷിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ എതിർക്കുന്നവർ ഇന്ന് ചെയ്യേണ്ടത്, അഹ്മദിയ്യാ ജമാഅത്തിനെ എതിർക്കുന്നതിൽ എപ്പോഴും മുഴുകിയിരിക്കുന്നവർ ചിന്തിക്കേണ്ടത്,. ഇവരുടെ എല്ലാ വിധ പരിശ്രമമുണ്ടായിട്ടും ജമാഅത്തിന്റെ ഓരോ കാൽവെപ്പും ഓരോ നിമിഷവും തന്നെ വിജയത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇത് ഏതെങ്കിലും മനുഷ്യന്റെ പ്രവർത്തനമാകുമോ? വിജയിക്കുകയും ജനഹൃദയങ്ങളിൽ ഇത് സ്വാധീനം ചെലുത്തുകയും ചെയ്യുന്നു. അല്ലാഹു തആലായാണ് ഹൃദയങ്ങളെ കാലത്തിന്റെ ഇമാമിലേക്ക് തിരിച്ചുവിടുന്നത്. ഇവർ എത്രകാലം വരെ അല്ലാഹുവുമായി പോരാടും. തങ്ങളുടെ ഇഹപരലോകം നഷ്ടപ്പെടുമെന്നല്ലാതെ ഒന്നും ഇവർക്ക് കരസ്ഥമാക്കാൻ സാധ്യമല്ല. മസീഹ് മൗഊദ് عليه السلام ഇതു സംബന്ധമായി വ്യക്തമാക്കിയതാണ്. "നിങ്ങളുടെ കണ്ണുകൾ ചീഞ്ഞുപോയാലും നിങ്ങളുടെ മൂക്ക് തേഞ്ഞ് മാഞ്ഞു പോയാലും എന്നെ ഒന്നും ചെയ്യാൻ നിങ്ങൾക്കാവില്ല."

മസീഹ് മൗഊദ് عليه السلام പറയുന്നു. "ഇത് അല്ലാഹുവിന്റെ സനാതന നിയമമാകുന്നു. അവൻ മനുഷ്യനെ ഈ ഭൂമിയിൽ സൃഷ്ടിച്ചതു മുതൽക്കേ പ്രവാചകൻമാരെ സഹായിക്കുന്നതിനും അവർക്ക് വിജയം നൽകുന്നതിനും വേണ്ടി ഈ നിയമത്തെ സദാ പ്രകടമാക്കിക്കൊണ്ടിരുന്നു. അല്ലാഹു പറയുന്നു. كَتَبَ اللّٰهُ لَاَغْلِبَنَّ اَنَا وَرُسُلِيْ തന്റെ പ്രവാചകൻമാർ വിജയം പ്രാപിക്കുക തന്നെ ചെയ്യുമെന്ന് അല്ലാഹു രേഖപ്പെടുത്തിയിരിക്കുന്നു."

വിജയം കൊണ്ട് ഉദ്ദേശിക്കുന്നത് ഇതാണ്. പ്രവാചകൻമാരുടെ ആഗ്രഹമനുസരിച്ച് മറ്റാരാലും കിടപിടിക്കാൻ കഴിയാത്തവിധം അല്ലാഹുവിന്റെ തെളിവുകൾ ഭൂമിയിൽ പൂർത്തിയാവുക എന്നതാണ്. ഇപ്രകാരം അല്ലാഹു അവരുടെ സത്യത ലോകത്ത് ശക്തമായ ദൃഷ്ടാന്തങ്ങൾ മുഖേന വെളിപ്പെടുത്തുന്നു. ഏതൊരു സൻമാർഗ്ഗത്തെയാണോ അവൻ ലോകത്ത് പ്രചരിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്, അതിന്റെ ബീജാവാപം അവരുടെ കരങ്ങളാൽ ചെയ്യിക്കുന്നു. എന്നാ ഇതിന്റെ പൂർത്തീകരണം അവരുടെ കരങ്ങളാൽ നിർവ്വഹിക്കപ്പെടുന്നില്ല. മറിച്ച് ഈ പ്രസ്ഥാനം ബാഹ്യമായി പരാജയപ്പെടുമെന്ന ഭയം നിലനിൽക്കെ അവൻ അവർക്ക് (പ്രവാചകൻമാർക്ക്) മരണം നൽകുന്നു. ഇതിലൂടെ എതിരാളികൾക്ക് പരിഹാസ കുത്തുവാക്കുകളും നിന്ദാവചനങ്ങളും ചൊരിയാൻ അവൻ അവസരം നൽകുന്നു. എന്നാൽ അവരുടെ പരിഹാസങ്ങൾക്ക് ശേഷം അവൻ തന്റെ ശക്തിയുടെ മറ്റൊരു കരം പ്രത്യക്ഷപ്പെടുത്തുന്നു. തന്നിമിത്തം അപൂർണ്ണതയിൽ കിടന്നിരുന്ന ലക്ഷ്യങ്ങൾ പരുപൂർണ്ണത പ്രാപിക്കുന്നതിനുവേണ്ട സാമഗ്രികൾ സൃഷ്ടിക്കപ്പെടുന്നു. പിന്നീട് തന്റെ രണ്ടാം **ഖുദ്റത്തി**നെ കുറിച്ച് പറയുന്നു. അപ്പോൾ അല്ലാഹു തന്റെ അതിമഹത്തായ ദിവ്യശക്തി ഒരിക്കൽകൂടി വെളിപ്പെടുത്തുന്നു.

അല്ലാഹു ചെയ്തിരിക്കുന്ന വാഗ്ദാനങ്ങൾ, പ്രവചനങ്ങൾ അത് പുതിയ പ്രതാപത്തോടെ ഓരോ നിമിഷവും പൂർത്തിയായിക്കൊണ്ടിരിക്കുന്നു എന്നത് ജമാഅത്തിന്റെ ചരിത്രം നമ്മോട് പറയുന്നു. ഈ പ്രവചനങ്ങൾ തന്റെ വരിഷ്ട ദാസൻ മുഖേന അല്ലാഹു പ്രഖ്യാപിക്കുന്നു. ഒന്നാം ഖിലാഫത്ത് കാലത്താണെങ്കിലും അത് വ്യക്തമായി. ഒന്നാം ഖിലാഫത്ത് കാലത്ത് ബാഹ്യമായ എതിർപ്പുകളും ആഭ്യന്തര എതിർപ്പുകളും ശക്തിപ്രാപിച്ചു. രണ്ടാം ഖിലാഫത്ത് കാലത്ത് ഖിലാഫത്ത് തിരഞ്ഞെടുപ്പ് മുതൽ അവസാനം വരെ വിവിധ ഫിത്നകൾ ജമാഅത്തിനകത്തും ഉണ്ടായി. ജമാഅത്തിന്റെ ഒരു ഭാഗം ഇതിൽ നിന്നും പുറത്തുപോയി. പുറമെയുള്ള എതിർപ്പുകളും ശക്തമായി ആഞ്ഞടിച്ചു. എന്നിട്ടും ജമാഅത്തിന്റെ വിജയത്തിലേക്കുള്ള പ്രയാണം നിലച്ചുപോയില്ല. **ഖിലാഫത്തെ സാലിസ**യിലും പുറമെ നിന്നും എതിർപ്പുകളും അകത്തുള്ള ഫിത്നകളും തല പൊക്കാൻ തുടങ്ങി. എന്നിട്ടും ജമാഅത്ത് വിജയിച്ചുകൊണ്ട് മുന്നേറി. അഹ്മദിയ്യാ ഖിലാഫത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിനെ മുന്നോട്ട് തന്നെ നയിച്ചുകൊണ്ടിരുന്നു. നാലാമത്തെ ഖിലാഫത്ത് കാലഘട്ടവും വന്നു. ജമാഅത്തിനെ എന്നെന്നേക്കുമായി നശിപ്പിക്കാമെന്ന് കരുതി ശത്രുപക്ഷം ശക്തമായ പ്രഹരമേൽപ്പിക്കുന്നതിനുള്ള കുത്സിത ശ്രമങ്ങൾ നടത്തി. ബാഹ്യമായി അതിൽ നിന്നും രക്ഷപ്പെടുക എന്നത് പ്രയാസം തന്നെയായിരുന്നു. ഓടി രക്ഷപ്പെടാനുള്ള ഒരു മാർഗ്ഗവും മുമ്പിൽ ഇല്ലായിരുന്നു. എന്നിട്ടും മസീഹ് മൗഊദ് عليه السلام ന്റെ വാക്കുകൾ സുവ്യക്തമായ രീതിയിൽ പുലരുകയുണ്ടായി. അല്ലാഹു രണ്ടാം പ്രാവശ്യവും തന്റെ അതിശക്തമായ ഖുദ്റത്ത് വെളിപ്പെടുത്തുന്നതാണ്. അത് പ്രകടമാക്കുകയുണ്ടായി. ആ അതിശക്തമായ ഖുദ്റത്ത് എതിരാളികളെ തൂത്തെറിഞ്ഞു.

ഇതിനു ശേഷം അഞ്ചാം ഖിലാഫത്തിന്റെ കാലമാണ് വന്നത്. ഇതിലും അസൂയയുടെ അഗ്നിയും എതിർപ്പുകളും ശക്തി പ്രാപിച്ചു. ബലഹീനരും നിരായുധരുമായ അഹ്മദികൾക്കു നേരെ അതിക്രൂരമായ അക്രമം അഴിച്ചുവിട്ട് അവരുടെ രക്തം കൊണ്ട് ഇവർ ഹോളി കളിച്ചു. ഈ ക്രൂരകൃത്യം കണ്ട് മനുഷ്യരുടെ പ്രവർത്തിയാണോ ഇത് അതല്ല മൃഗത്തേക്കാളും നീചമായ ഏതോ ജീവിയുടെ പ്രവർത്തിയാണോ എന്ന് ചിന്തിച്ചുപോയി. ജമാഅത്തിനോട് സഹതാപം പ്രകടിപ്പിച്ചുകൊണ്ട് ജമാഅത്തിന്റെ അകത്ത് ഭിന്നിപ്പുണ്ടാക്കാൻ ചില സ്ഥലങ്ങളിൽ കുത്സിത ശ്രമങ്ങൾ നടന്നിട്ടുണ്ടായിരുന്നു. എന്നാൽ അല്ലാഹുവിന്റെ വാഗ്ദാന പ്രകാരം അല്ലാഹുവിന്റെ സഹായ തണലിൽ കഴിയുന്ന ഖിലാഫത്ത്, ഈ ശക്തിപ്രഭാവം അതിനെയെല്ലാം നേരിട്ടുകൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ അല്ലാഹു തന്നെയാണ് ഇതിനെ നേരിടുന്നത്. ഞാൻ ബലഹീനനും കഴിവില്ലാത്തവനുമാണ്. എനിക്ക് ഒരു പ്രസക്തിയുമില്ല. എന്നാൽ അഹ്മദിയ്യാ ഖിലാഫത്തിന്ന് സർവ്വശക്തനും സർവ്വ ശക്തിയുടെയും ഉടമസ്ഥനുമായ അല്ലാഹുവിന്റെ സഹായം ലഭിക്കുന്നുണ്ട്. അവനാണ് ഹദ്റത്ത് മസീഹ് മൗദ്ഊദ് عليه السلام നോട് വാഗ്ദാനം ചെയ്തിരിക്കുന്നത്. "ഞാൻ അതിശക്തമായ ശക്തി പ്രഭാവങ്ങൾ പ്രകടമാക്കുന്നതാണ്." ഇതനുസരിച്ച് അത് പ്രകടമായിക്കൊണ്ടിരിക്കുന്നു, പ്രകടമാക്കുകയും ചെയ്യുന്നതാണ്. ശത്രു തന്റെ കുതന്ത്രത്തിലും ബുദ്ധി വൈഭവത്തിലും അക്രമത്തിലും നിന്ദ്യനും പരാജിതനുമായിത്തീരുന്നതാണ്. അങ്ങനെതന്നെയാണ് നടന്നു കൊണ്ടിരിക്കുന്നതും. ശത്രുക്കൾ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഗ്രന്ഥങ്ങളെ വളച്ചൊടിച്ച് സമർപ്പിക്കുന്നതിന് വേണ്ടി ഇക്കാലത്ത് ഇലക്ട്രോണിക്ക് മീഡിയയെ ഉപയോഗിക്കാൻ ശ്രമിച്ചുവരുന്നു. ഇന്റർനെറ്റിൽ അങ്ങനെയുള്ള പ്രോഗ്രാമുകൾ വരുന്നു. എന്നാൽ ഖിലാഫത്തിന്റെ മേൽനോട്ടത്തിൽ ലോകത്തുള്ള എല്ലാ നാടുകളിലും ഇതിനെ ശക്തമായി നേരിടാൻ കഴിവുള്ള യുവാക്കളുടെ വലിയ ഒരു സൈന്യത്തെ തന്നെ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام മിന് അല്ലാഹു നൽകിയിട്ടുണ്ട്. അവർ

ശത്രുവിന്റെ മുമ്പിൽ നെഞ്ച് വീർപ്പിച്ച് നിൽക്കുന്നു. അവർ നൽകുന്ന മറുപടികൾ കാണുമ്പോൾ അനിയന്ത്രിതമായി അല്ലാഹുവിന്റെ സ്തുതി ഹൃത്തടത്തിൽ നിറഞ്ഞു കവിയുന്നു. അതോടൊപ്പം അവന്റെ വാഗ്ദാനങ്ങളിൽ വിശ്വാസം വർദ്ധിച്ചുവരികയും ചെയ്യുന്നു.

ഖുദ്റത്തെ സാനിയ തുടർന്നുകൊണ്ടുപോകുമെന്നതിനെ കുറിച്ച് നമുക്ക് ആശ്വാസം നൽകിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു. “അല്ലയോ പ്രിയപ്പെട്ടവരെ, എതിരാളികളുടെ നിരർത്ഥകങ്ങളായ രണ്ട് ആഹ്ലാദങ്ങളെ തകർക്കുന്നതിനുവേണ്ടി തന്റെ സനാതന നടപടിയനുസരിച്ച് ഇപ്രകാരം അല്ലാഹു രണ്ടു വിധം ദിവ്യശക്തികൾ പ്രകടമാക്കുന്നു. അതുകൊണ്ട് ഇനി അല്ലാഹു തന്റെ സനാതനമായ നടപടിക്രമത്തെ ഉപേക്ഷിച്ച് കളയുമെന്നത് സംഭവ്യമല്ല. തൻമൂലം ഞാൻ നിങ്ങളോട് വിവരിച്ച ഈ കാര്യങ്ങൾകൊണ്ട് നിങ്ങൾ കുണ്ഠിതരും മനഃക്ലേശമുള്ളവരും ആകരുത്. (തന്റെ മരണത്തെ കുറിച്ച് പറഞ്ഞിരുന്നു). കാരണം നിങ്ങളും രണ്ടാമത്തെ ദിവ്യ തേജസ്സിനെ ദർശിക്കേണ്ടത് അത്യാവശ്യമാകുന്നു. അതിന്റെ ആഗമനം നിങ്ങൾക്ക് ഗുണകരമാണ്!. എന്തുകൊണ്ടെന്നാൽ അത് ശാശ്വതവും അതിന്റെ ശൃംഖല അന്ത്യനാൾ വരെ മുറിഞ്ഞുപോകാത്തതുമാണ്. ഞാൻ പോകാഞ്ഞാൽ ദ്വിതീയ ദിവ്യശക്തി വരികയില്ല. എന്നാൽ, ഞാൻ പോയാൽ, അല്ലാഹു നിങ്ങൾക്ക് വേണ്ടി രണ്ടാം ദിവ്യശക്തിയെ അയക്കും.“ബറാഹീനെ അഹ്മദിയ്യ“ യിലെ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അത് എപ്പോഴും നിങ്ങളോടൊപ്പം ഉണ്ടായിരിക്കും. ആ വാഗ്ദാനം എന്നെക്കുറിച്ചുള്ളതല്ല, മറിച്ച് അത് നിങ്ങളെപ്പറ്റിയുള്ള താകുന്നു. അല്ലാഹു പറയുന്നു. “നിന്നെ പിൻപറ്റുന്ന ഈ ജമാഅത്തിന് അന്യരുടെ മേൽ അന്ത്യദിനം വരെ ഞാൻ വിജയം തന്നരുളുന്നതാണ്.” അതിനാൽ എന്റെ വേർപാടിന്റെ ദിനം നിങ്ങളിൽ പ്രകടമാകേണ്ടതും നിർബന്ധമാകുന്നു. നമ്മുടെ ദൈവം സത്യസന്ധനും വിശ്വസ്തനും വാഗ്ദാനപാലകനുമാണ്. അവൻ വാഗ്ദാനം ചെയ്യുന്നതെന്തോ അതെല്ലാം നിങ്ങൾക്ക് പൂർത്തിയാക്കിക്കാണിക്കും. ഈ ദിവസം ലോകവസാനത്തിന്റെ ദിനമായാലും വലിയ ആപത്തുകൾ ഇറങ്ങേണ്ട സമയമായാലും അവൻ വിവരമറിയിച്ച കാര്യങ്ങളെല്ലാം പൂർത്തി യാകുന്നത് വരെ ഈ ലോകം നിലനിൽക്കുക തന്നെ ചെയ്യും.”

അഹ്മദിയ്യാ ഖിലാഫത്തിനെ കുറിച്ചുള്ള വാഗ്ദാനം ശാശ്വതമാണ്. ഭാവിയിൽ വരാനിരിക്കുന്നവർക്കുള്ളതാണിത്. ഖിലാഫത്ത് സംവിധാന വുമായി ഒട്ടിപ്പിടിച്ച് നിൽക്കുകയും തങ്ങളുടെ പരുപൂർണ്ണ അനുസരണം പ്രകടിപ്പിക്കുകയും ഖിലാഫത്തിനോട് ആത്മാർത്ഥമായ കൂറ് പുലർത്തുകയും ചെയ്യുന്നവർ അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തി യാകുന്നതായി കാണുന്നതാണ്. ശത്രുക്കളുടെയും ദുഷ്ട പ്രകൃതരുടെയും നയനങ്ങൾ അന്ധമാണ്. അവർക്ക് അല്ലാഹുവിന്റെ സഹായങ്ങളുടെ കാഴ്ചകൾ കാണാൻ സാധിക്കുന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നാം ഓരോ നിമിഷവും അല്ലാഹുവിന്റെ ഖുദ്റത്തിന്റെ കാഴ്ചകൾ കണ്ടുകൊണ്ടിരിക്കുന്നു. അല്ലാഹു തആല ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നോട് നമ്മേ കുറിച്ച് നൽകിയ വാഗ്ദാനം പുതിയ പ്രഭാവത്തോടെ പുലരുന്നതായി നിത്യവും നാം ദർശിച്ചു കൊണ്ടിരിക്കു ന്നു. ശത്രുക്കൾ ആക്രമണത്തിൽ മുന്നേറുന്നതും നിരായുധരെ ആയു ധങ്ങൾ കൊണ്ട് ആക്രമിക്കുന്നതും എല്ലാം തെളിയിക്കുന്നത് ശത്രു ക്കളുടെ കൈവശം തെളിവുകൾ മുഖേന നേരിടാൻ ഒന്നുമില്ല എന്നാണ്. അഹ്മദിയ്യാ ജമാഅത്ത് നൽകുന്ന തെളിവുകൾ മുഖേന മറ്റുള്ളവരുടെ വായ അടക്കുക എന്നതും അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തിയാ കുന്നതിനു തെളിവാണ്. പറയുന്നു.“നിന്നെ പിൻപറ്റുന്ന ഈ ജമാഅ ത്തിന് അന്യരുടെ മേൽ അന്ത്യദിനം വരെ ഞാൻ വിജയം നൽകു ന്നതാണ്.” ഈ വിജയം നാം സമർപ്പിക്കുന്ന തെളിവുകൾ മുഖേനയാണ് ഉണ്ടാകുന്നത്. ഇതിനെ നേരിടാൻ ഒരു എതിരാളിക്കും കഴിയുന്നില്ല.

തുടർന്ന് അഹ്മദിയ്യാ ഖിലാഫത്തിനെ പരാമർശിച്ചുകൊണ്ട് രണ്ടാം ഖുദ്റത്ത് എങ്ങനെയാണ് ഇവിടെ സ്ഥാപിതമാകുക എന്ന് വിവരിക്കുന്നുണ്ട്. പറയുന്നു: “ഞാൻ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ഒരു ദിവ്യശക്തിയുടെ രൂപത്തിലാണ് വന്നിട്ടുള്ളത്. ഞാൻ ദൈവികമായ ഒരു ശക്തി പ്രഭാവവുമാകുന്നു. എനിക്കു ശേഷം ചില വ്യക്തികളുണ്ടാവും. അവർ രണ്ടാം ദിവ്യശക്തിയുടെ പ്രതീകങ്ങളായിരിക്കും. അതിനാൽ നിങ്ങളെല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ രണ്ടാം ദിവ്യശക്തിയെ പ്രതീക്ഷിച്ചുകൊണ്ട് പ്രാർത്ഥനയിൽ നിരതരാവുക. കൂടാതെ, ഈ ദ്വിതീയ ദിവ്യശക്തി ആകാശത്തുനിന്നും വെളിവാകുകയും നിങ്ങളുടെ ദൈവം കഴിവുറ്റവനാണെന്നു കാണിച്ചുതരുമാറാവുകയും ചെയ്യുന്നതു വരെ മുഴുവൻ ജമാഅത്തുകളിലെയും സുകൃതവാൻമാർ ഓരോ നാട്ടിലും ഒരുമിച്ചുകൂടി ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. നിങ്ങളുടെ മരണം സമീപസ്ഥമാണെന്ന് കരുതിക്കൊള്ളുക. ആ നിമിഷം ഏത് സമയത്താണ് ആസന്നമാകുകയെന്ന് നിങ്ങൾ അറിയുന്നില്ല.

എനിക്കുശേഷം എന്റെ ജമാഅത്തിലെ വിശുദ്ധനായ ഒരു മഹത്വ്യക്തി എന്റെ നാമത്തിൽ ജനങ്ങളിൽ നിന്ന് ബൈഅത്ത് വാങ്ങട്ടെ. ലോകത്തിന്റെ വിവിധ ജനസമൂഹങ്ങളിൽ നിവസിക്കുന്ന സൽപ്രകൃതക്കാരായ ആളുകൾ അവർ ഏഷ്യയിലായാലും, യൂറോപ്പിലായാലും അവരെയെല്ലാം തൗഹീദിലേക്ക് ആകർഷിക്കുകയും തന്റെ ദാസൻമാരെ ഏകമതത്തിൽ ഒരുമിച്ചുകൂട്ടുകയുമെന്നതാണ് അല്ലാഹു ഇച്ഛിക്കുന്നത്. ഈ ഉദ്ദേശ്യത്തിനുവേണ്ടിയാണ് ഞാൻ ഭൂതലത്തിൽ അയക്കപ്പെട്ടിരിക്കുന്നത്. അതിനാൽ സൗമ്യതയിലും സൽസ്വഭാവത്തിലും പ്രാർത്ഥനയിലും ഊന്നിക്കൊണ്ട് നിങ്ങൾ ഈ ഉദ്ദേശ്യത്തെ പ്രാവർത്തികമാക്കുക. അല്ലാഹുവിൽ നിന്ന് പരിശുദ്ധാത്മാവിനാൽ അനുഗ്രഹീതനായ ഒരു മഹാത്മാവ് എഴുന്നേൽക്കുന്നതുവരെ എനിക്കു ശേഷം നിങ്ങളെല്ലാവരും യോജിച്ച് പ്രവർത്തിക്കുക. ഇവിടെ തന്റെ വിയോഗത്തിന് ശേഷം ഖലീഫയുടെ തിരഞ്ഞെടുപ്പ് വരെയും ഒരു ഖലീഫക്ക് ശേഷം അടുത്ത ഖലീഫയുടെ തിരഞ്ഞെടുപ്പ് വരെയും എന്ത് ചെയ്യണമെന്ന് പറ ഞ്ഞുകൊണ്ട് ഈ ഇടവേളയിൽ നിങ്ങൾ ഒരിക്കലും വഴിപിഴക്കരുതെന്ന് ഉപദേശിക്കുന്നു. ഇടയിൽ വരുന്ന ഒന്ന് രണ്ട് ദിവസങ്ങളിലും പ്രത്യേകം സൂക്ഷിക്കുക. രണ്ടാം ഖുദ്റത്തിൽ നിന്ന് അനുഗ്രഹം കരസ്ഥമാക്ക ണമെങ്കിൽ ദുആ ചെയ്തികൊണ്ട് ഐക്യത്തോടെ വർത്തിക്കുക. ഖലീഫയെ തിരഞ്ഞെടുക്കുകയും ചെയ്യുക. ജമാഅത്തിലെ വിശുദ്ധനായ ഒരു മഹത്വ്യക്തി എന്റെ നാമത്തിൽ ജനങ്ങളിൽ നിന്ന് ബയ്അത്ത് വാങ്ങട്ടെ എന്നതിനെ കുറിച്ച് ഒരു തെറ്റിദ്ധാരണ ഉണ്ടാകാൻ പാടില്ല. അതായത് ഖിലാഫത്ത് ഒരു വ്യക്തിയുമായി ബന്ധപ്പെട്ടതല്ലാ എന്നും കുറേ ആളുകളുടെ കൂട്ടമാണ് ഖിലാഫത്ത് എന്നും തെറ്റിദ്ധരിക്കരുത്. ഇതിനെ എടുത്ത് പറഞ്ഞു കൊണ്ടാണ് **ഗൈർ മുബായിഈൻ** സദർ അഞ്ചുമനെ ഏറ്റവും ശ്രേഷ്ടമായി കരുതിയത്. എന്നാൽ ഇതിന്റെ വിശദീകരണം ഇതിന്റെ അടിക്കുറിപ്പിൽ തന്നെ പറയുന്നുണ്ട്. ഇങ്ങനെയുള്ളവരുടെ തിരഞ്ഞെടുപ്പ് വിശ്വാസികളുടെ തീരുമാന പ്രകാരമായിരിക്കും. പറയുന്നു. “ഇങ്ങനെയുള്ള വ്യക്തിയുടെ (**ഇവിടെ ഏക വചനമാണ് ഉപയോഗിച്ചത്**) തിരഞ്ഞെടുപ്പ് സത്യവിശ്വാസികളുടെ ഐക്യകണ്ഠേനയുള്ള അഭിപ്രായത്തോടെയായിരിക്കണം നടക്കേണ്ടത്. എന്റെ പേരിൽ ബയ്അത്ത് വാങ്ങിക്കുവാൻ അർഹനാണെന്ന് 40 വിശ്വാസികൾ ആരെപറ്റിയാണോ യോജിച്ച അഭിപ്രായത്തിലെത്തുന്നത് അദ്ദേഹത്തിന് എനിക്ക് ശേഷം ബൈഅത്ത് വാങ്ങാവുന്നതാണ്. (**ഇവിടെ ബഹുവചനം വന്നിട്ടില്ല. ആവ്യക്തി ബൈഅത്ത് വാങ്ങുക എന്നാണ്**

വന്നത്.) അദ്ദേഹം മറ്റുള്ളവർക്ക് മാതൃകായോഗ്യനായിത്തീരേണ്ടതാണ്. ഇവിടെ അഞ്ചുമനെ മാതൃകയാക്കാൻ പറഞ്ഞിട്ടില്ല. ആ വ്യക്തി മാതൃകയാകണമെന്നാണ് പറഞ്ഞത്. ബഹുവചനം ഉപയോഗിച്ച സ്ഥലത്ത് അഞ്ചുമനല്ല ഉദ്ദേശ്യം ഖലീഫമാരെക്കുറിച്ചാണ് പറയുന്നത്. ഭാവിയിൽ വരുന്ന ഖലീഫമാർ ബൈഅത്ത് വാങ്ങുക.

ഈ തത്വത്തെ മുൻനിർത്തിക്കൊണ്ട് ജമാഅത്ത് സംവിധാനത്തിൽ ഖിലാഫത്ത് തിരഞ്ഞെടുപ്പിനായി ഖിലാഫത്ത് തിരഞ്ഞെടുപ്പ് സമിതി ഉണ്ട്. രണ്ടാം ഖിലാഫത്തിന് ശേഷം ഈ സംവിധാനത്തിലൂടെയാണ് ഇതുവരെ ഖിലാഫത്ത് തിരഞ്ഞെടുപ്പ് നടന്നു വരുന്നത്. ഇത് അല്ലാഹുവിന്റെ തിരഞ്ഞെടുപ്പാണെന്നതിനെന്താണ് തെളിവെന്ന് ചോദിച്ചാൽ അതിനുള്ള മറുപടി അല്ലാഹുവിന്റെ പ്രകടമായ സാക്ഷ്യവും സഹായവും, ജമാഅത്തിലെ വിവിധ സ്ഥലങ്ങളിലുള്ള വ്യക്തികൾക്ക് ഇതു സംബന്ധമായി അല്ലാഹു കാണിച്ചുകൊടുക്കുന്ന സത്യസ്വപ്നങ്ങൾ എന്നിവയെല്ലാം തന്നെ ഇത് അല്ലാഹുവിന്റെ തിരഞ്ഞെടുപ്പാണെന്ന് തെളിയിക്കുന്നു എന്നതാണ്. അതോടൊപ്പം ഖലീഫയുടെ കൽപനയനുസരിച്ച് ജനങ്ങൾ ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്നതും ഹൃദയങ്ങളെ ഖലീഫയെ സഹായിക്കാനായി തിരിച്ചുവിടുന്നതും എല്ലാം അല്ലാഹുവിൽ നിന്നാണെന്നുള്ളതിനുള്ള തെളിവാണ്.

ഇതു സംബന്ധമായി ഞാൻ മുമ്പ് ഉദാഹരണങ്ങൾ നൽകിയിട്ടുള്ളതാണ്. ശത്രുക്കളുടെ കുതന്ത്രങ്ങൾ ഏതു രീതിയിലായിരുന്നു എന്നും അല്ലാഹുവിന്റെ അതിശക്തമായ ശക്തിപ്രഭാവം ഏതുവിധ അടയാളം പ്രകടമാക്കിയെന്നും പറഞ്ഞിരുന്നു. മസീഹ് മൗഊദ് عليه السلام തന്റെ ഗ്രന്ഥത്തിൽ നമ്മെ ഉപദേശിച്ചുകൊണ്ട് പറയുന്നു.

"അനുകമ്പ കാണിച്ചു കൊണ്ടും സ്വന്തം ആത്മാക്കളെ പവിത്രപ്പെടുത്തിക്കൊണ്ടും നിങ്ങൾ പരുശുദ്ധാത്മാവിന്റെ അംശം സ്വാംശീകരിക്കേണ്ടതാണ്. കാരണം പരിശുദ്ധാത്മാവ് ഇല്ലാതെ കണ്ട് യഥാർത്ഥ ദൈവഭക്തി കരസ്ഥമാക്കാൻ സാധ്യമല്ല. ദൈവപ്രീതി കരസ്ഥമാക്കുന്നതിന് ശാരീരികേച്ഛകൾ പരിപൂർണ്ണമായും പരിത്യജിച്ച് ഏറ്റവും ഇടുങ്ങിയ മാർഗ്ഗം സ്വീകരിക്കേണ്ടതാണ്. അല്ലാഹുവിൽ നിന്നകറ്റിക്കളയുന്ന ലൗകിക സുഖഭോഗങ്ങളിൽ വഞ്ചിതരാകരുത്. അല്ലാഹുവിന് വേണ്ടി കയ്പേറിയ ജീവിതം വരിക്കുക. അല്ലാഹുവിന്റെ തൃപ്തി സംപ്രീതമാകുന്ന വേദന, അവൻ അനിഷ്ടപ്പെടുന്ന ആനന്ദത്തേക്കാൾ ഉത്തമമാണ്. ദൈവപ്രീതി ലഭ്യമാക്കുന പരാജയം ദൈവകോപത്തിന് കാരണമാകുന്ന വിജയത്തേക്കാൾ ശ്രേഷ്ടമാണ്. ദൈവകോപത്തിലേക്ക് അടുപ്പിക്കുന്ന സ്നേഹത്തെ വർജ്ജിക്കുക. നിങ്ങൾ പരുശുദ്ധ ഹൃദയത്തോടുകൂടി അവനിലേക്ക് അടുക്കുകയാണെങ്കിൽ അവൻ എല്ലാ മാർഗ്ഗങ്ങളിലും നിങ്ങളെ സഹായിക്കുന്നതായിരിക്കും. നിങ്ങൾക്ക് നഷ്ടം വരുത്തുവാൻ ഒരു ശത്രുവിനും സാധിക്കുകയില്ല. നിങ്ങൾക്ക് മുന്നിൽ മരണത്തിന്റെ ദൃശ്യം പ്രകടമാവും വിധം നിങ്ങൾ നിങ്ങളുടെ തൃപ്തികളെയും നിങ്ങളുടെ സമ്പത്തിനെയും നിങ്ങളുടെ ജീവനെപ്പോലും ത്യജിച്ചുകൊണ്ട് അവന്റെപാതയിൽ കയ്പേറിയ ജീവിതം നയിക്കുന്നതു മുഖേനയല്ലാതെ നിങ്ങൾക് മറ്റുവിധത്തിലൊന്നും ദൈവപ്രീതി കരസ്ഥമാക്കാൻ സാധ്യമല്ല. എന്നാൽ ഈ പ്രയാസങ്ങൾ സഹിക്കുകയാണെങ്കിൽ നിങ്ങൾ ഒരു ഓമനപ്പൈതലിനെപ്പോലെ ദൈവത്തിന്റെ മടിത്തട്ടിൽ വന്നു ചേരുന്നതാണ്. നിങ്ങൾ മുമ്പ് കടന്നുകഴിഞ്ഞ ഭക്തൻമാരുടെ അനന്തരാവകാശികളാക്കപ്പെടുന്നതുമാണ്. സർവ്വവിധ അനുഗ്രഹങ്ങളുടെയും കവാടങ്ങൾ നിങ്ങൾക്ക് മേൽ തുറക്കപ്പെടുന്നതാണ്."

വീണ്ടും പറയുന്നു."അല്ലാഹു നിങ്ങളെ വ്യർത്ഥമാക്കുമെന്ന് നിങ്ങളൊരികലും കരുതരുത്. നിങ്ങൾ ദൈവികകരങ്ങളാൽ ഭൂമിയിൽ വിതക്കപ്പെട്ട ഒരു ബീജമാകുന്നു. ഈ ബീജം വളരുകയും പുഷ്പിക്കുകയും നാനാഭഗങ്ങളിലേക്ക് അതിന്റെ ശാഖകൾ പടർന്ന് പന്തലിക്കും വിധം ഒരു വടവൃക്ഷമായിത്തീരുകയും ചെയ്യുമെന്നും ദൈവം അരുൾ ചെയ്യുന്നു. ദൈവിക വചനങ്ങളിൽ വിശ്വസിക്കുകയും ഇടക്ക് വെച്ച് ഉണ്ടാകുന്ന ആപത്തുകളിൽ ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവർ അനുഗൃഹീതർ. എന്തുകൊണ്ടെന്നാൽ ആരാണ് ബൈഅത്തിൽ സത്യവാൻമാരെന്നും ആരാണ് അസത്യവാൻമാരെന്നും ദൈവം പരീക്ഷിക്കുന്നതിനു വേണ്ടി പരീക്ഷണങ്ങൾ ഉണ്ടാവേണ്ടതും അനുവാര്യമാണ്. ഏതെങ്കിലും പരീക്ഷണത്തിൽ കാലിടറുന്നവൻ അല്ലാഹുവിന് ഒരു നഷ്ടവും വരുത്തുന്നില്ല. മറിച്ച് നിർഭാഗ്യം അവനെ നരകത്തിലെത്തിക്കുന്നു. അവൻ ജനിച്ചില്ലായിരുന്നുവെങ്കിൽ അവന് എത്ര നന്നായിരുന്നു.! അവസാനം വരെ സഹനം കൈക്കൊള്ളുന്നവർ ആപത്തുകളുടെ ഭൂകമ്പങ്ങൾ ഉണ്ടായാലും അപകടങ്ങളുടെ കൊടുങ്കാറ്റുകൾ ആഞ്ഞടിച്ചാലും സമൂഹങ്ങൾ പരിഹസിക്കുകയും പുച്ഛരിക്കുകയും ചെയ്താലും ലോകം അതിനീചമായി വർത്തിച്ചാലും അവർ തന്നെയായിരിക്കും ഒടുവിൽ വിജയശ്രീലാളിതരായിത്തീരുന്നത്. അനുഗ്രഹങ്ങളുടെ കവാടങ്ങൾ അവർക്കുമേൽ തുറക്കപ്പെടുന്നതാണ്." "ഞാൻ എന്റെ ജമാഅത്തിനെ അറിയിക്കുന്നതിനുവേണ്ടി അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു. ഭൗതികതയുടെ കലർപ്പില്ലാത്ത സത്യവിശ്വാസം, കാപട്യവും ഭീരുത്വവും കൊണ്ട് പൊടിപുരളാത്ത സത്യവിശ്വാസം, അനുസരണത്തിന്റെ ഒരു മേഖലയും ഒഴിഞ്ഞു പോയിട്ടില്ലാത്ത സത്യവിശ്വാസം സ്വീകരിച്ചിട്ടുള്ളവർ, ദൈവത്തിന്റെ ഇഷ്ടജനമാകുന്നു. ഇവരുടെ പാദങ്ങൾ സത്യത്തിൽ അധിഷ്ഠിതമാണെന്ന് അല്ലാഹു പറയുന്നു."

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ ജമാഅത്തിൽ ലോകത്തെല്ലായിടത്തും ഓരോ കോണിലും ത്യാഗത്തിന്റെ നിലവാരം ഉയർന്നുകൊണ്ട് പോകുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തിയാകുന്നതായി നാം കാണുന്നു. സധൈര്യം അതിമഹത്തായ ത്യാഗമനോഭാവത്തോടുകൂടി ആത്മാർത്ഥതയോടുകൂടി ജീവന്റെയും ധനത്തിന്റെയും ത്യാഗങ്ങൾ അഹ്മദികൾ സമർപ്പിച്ചുകൊണ്ട് മുന്നേറുന്നു. എന്നാൽ ഈ ഉദ്ധരണികളിൽ ചില താക്കീതുകളും അടങ്ങിയിട്ടുണ്ട്. സുവാർത്തകളുമുണ്ട്. ഖിലാഫത്തുമായും ജമാഅത്തുമായും ഒട്ടിപ്പിടിച്ചു ജീവിക്കുന്നവർക്കാണ് ഈ സുവാർത്തകൾ നൽകിയിരിക്കുന്നത്. അതുകൊണ്ട് നമ്മിൽ ഓരോരുത്തരും ഈ സുവാർത്തകൾക്ക് അവകാശികളായിത്തീരുന്നതിന്ന് അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ നിന്ന് അനുഗ്രഹം കരസ്ഥമാക്കുന്നതിന് അല്ലാഹുവിന്റെ മഹത്വം ഹൃദയത്തിൽ പ്രതിഷ്ടിക്കുന്നവരായി മാറുക. മാനവസമൂഹത്തോട് യഥാർത്ഥ സഹാനുഭൂതി പ്രകടിപ്പിക്കുന്നവരായി മാറുക. ഹൃദയത്തെ വിദ്വേഷത്തിൽ നിന്നും പകയിൽ നിന്നും അകറ്റുക. നൻമയുടെ എല്ലാ മാർഗ്ഗങ്ങളും അവലംഭിക്കുന്നവരായി മാറുക. തങ്ങളുടെ വിശ്വാസത്തെ സംരക്ഷിക്കുന്നവരായിത്തീരുക. സമ്പൂർണ്ണ അനുസരണം ഉള്ളവരായിത്തീരുക. വിശ്വാസത്തിൽ അഭിവൃദ്ധി കൈവരിക്കുന്നവരായിത്തീരുക. അങ്ങനെയാകുമ്പോഴാണ് അല്ലാഹുവിന്റെ പക്കൽ നമ്മുടെ പാദങ്ങൾ സത്യത്തിൽ അധിഷ്ഠിതമാവുകയുള്ളൂ. അപ്പോൾ മാത്രമെ അവന്റെ വാഗ്ദാനങ്ങളിൽ നിന്നും ഫലമെടുക്കുന്നവരായി നാം തീരുകയുള്ളൂ. അൽ വസിയ്യത്ത് എന്ന ഗ്രന്ഥത്തിന്റെ അവസാനത്തിൽ, തഖ്വ സ്വീകരിക്കുകയും വിശ്വാസത്തിൽ മുന്നേറുകയും ചെയ്യുന്നവർക്കായി അതിന്റെ ഉന്നത നിലവാരം കരസ്ഥമാക്കാൻ പരിശ്രമിക്കുകയും ആ മഹാത്മാവ് സ്ഥാപിച്ച

സാമ്പത്തിക പദ്ധതിയിൽ പങ്കാളികളാകുകയും ചെയ്തവരെ കുറിച്ച് ദുആ മുഖേന ആശീർവദിക്കുകയുണ്ടായി. അവർ തങ്ങളുടെ വരുമാനവും സ്വത്തും വസിയ്യത്തിൽ ഉൾപ്പെടുത്തുന്നവരായിരിക്കും. ഈ സ്വത്ത് ഇസ്ലാം മതപ്രചാരണത്തിനും ഖുർആനിക വിജ്ഞാനങ്ങളുടെയും ദീനീ ഗ്രന്ഥങ്ങളുടെയും പ്രസിദ്ധീകരണത്തിനും ജമാഅത്തിലെ പ്രബോധങ്ങൾക്കും വേണ്ടി വിനിയോഗിക്കുന്നതാണ്. അതേപോലെ ഈ ധനത്തിൽ നിന്ന് നിത്യവൃത്തിക്ക് വകയില്ലാത്ത അനാഥർക്കും അഗതികൾക്കും നവ മുസ്ലിംകളായ അഹ്മദികൾക്കും അവകാശമുണ്ടായിരിക്കും എന്നും പറയുകയുണ്ടായി. അദ്ദേഹം പറയുന്നു. "ഈ സമ്പത്ത് സ്വരുക്കൂട്ടപ്പെടുമെന്നും ഈ പ്രവർത്തനങ്ങൾ തുടർന്ന് പോകുമെന്നും എനിക്ക് അടിയുറച്ച ആത്മവിശ്വാസമുണ്ട്. കാരണം ഇത് ആകാശ ഭൂമികളുടെ അധിപനായ സർവ്വശക്തന്റെ തീരുമാനമാകുന്നു. ഈ വസിയ്യത്ത് സംവിധാനത്തിൽ പ്രവേശിക്കുന്ന, ദീനിനെയും സൃഷ്ടികളെയും ധനപരമായി സഹായിക്കുന്നവർക്കായി ആ മഹാത്മാവ് പ്രാർത്ഥിക്കുന്നുണ്ട്."

പറയുന്നു: "സർവ്വശക്തനും ദയാലുവും പൊറുത്തുകൊടുക്കുന്നവനും കരുണാമയനുമായ എന്റെ നാഥാ! നീ നിന്റെ ഈ വരിഷ്ടനിൽ സത്യമായി വിശ്വസിക്കുകയും മറ്റൊരു വിധ കപടതയും ശരീരേച്ഛകളും ദുർഭാവനയും തങ്ങളുടെ ഉള്ളിൽ വെച്ച് പുലർത്താതിരിക്കുകയും വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും കർത്തവ്യങ്ങൾ യഥാവിധി നിർവ്വഹിക്കുകയും ചെയ്യുന്നവരുടെ മാത്രം ഖബറുകൾക്കുള്ള സ്ഥലമായി ഇതിനെ മാറ്റേണമേ."

അതുകൊണ്ട് വസിയ്യത്ത് സംവിധാനത്തിൽ അംഗങ്ങളായവരുടെ വിശ്വാസവും അനുസരണയും ത്യാഗത്തിന്റെ നിലവാരവും എപ്പോഴും ഉയർന്നുകൊണ്ടിരിക്കേണ്ടതാണ്. കാരണം ഒരു പ്രതിജ്ഞ എടുത്തവരാണവർ. വസിയ്യത്ത് ചെയ്തതിനുശേഷം മുമ്പത്തെക്കാൾ കൂടുതൽ തഖ്‌വയിൽ മുന്നേറാൻ ശ്രമിക്കേണ്ടതാണ്. ഖിലാഫത്തിനോടുള്ള കൂറും മുമ്പത്തെക്കാൾ കൂടുതൽ ഉണ്ടാവേണ്ടതാണ്. *അല്ലാഹു ഓരോ അഹ്മദിക്കും ഇതിൽ മുന്നേറാൻ തൗഫീഖ് നൽകികൊണ്ടിരിക്കുമാറാകട്ടെ. ഖിലാഫത്ത് സംവിധാനത്തോടുള്ള ദൈവിക വാഗ്ദാനങ്ങളിൽ നിന്നുള്ള അനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ ഓരോരുത്തർക്കും തൗഫീഖ് ലഭിക്കുമാറാകട്ടെ. അങ്ങനെ ഈ സംവിധാനം എപ്പോഴും നിലനിൽക്കുമാറാകട്ടെ. നാം അതിന്റെ അനുഗ്രഹം എപ്പോഴും കരസ്ഥമാക്കുന്നവരായിത്തീരട്ടെ.*

## PRINTED BOOKS

**To**

**From**

**T. Jamshad**

**Ahmadiyya Mission House**

**K.N.Road Karapparamba Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2011 May 27 at : Baitul Futuh, London
Translation: M. Nasir Ahmed Kodiyathur 09497343704

Typing: Mudasser Ahmed Calicut
Page Layout: T. Jamshad Mukkam
Published by: **Majlis Khuddamul Ahmadiyya, North Kerala**